## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 513 | 29.01.2018 ൽ മറുപടിക്ക്

### ബാംബൂ കോർപ്പറേഷനിലെ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യം

**ചോദ്യം**

ഡോ.എം. കെ. മുനീർ

**ഉത്തരം**

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാംബൂ കോർപ്പറേഷനിൽ ജോലിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി വിതരണത്തിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വിശദമാക്കുമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സഞ്ചിതനഷ്ടത്തിൽ (ഏകദേശം 81.26 കോടി രൂപ) പ്രവർത്തിക്കുന്ന സ്ഥാപനമാണ്. നിലവിൽ കോർപ്പറേഷന് എൽ ഐ സി യുമായി യോജിച്ച് ഒരു ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം പോളിസിയുണ്ടായിരുന്നത് കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ അതിന്റെ പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷത്തെ ഏകദേശം 40 ലക്ഷത്തോളം രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്. ഈ സ്ഥാപനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ജോലിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാസമയം നൽകുവാൻ കഴിയാത്തത്. ഇതുമായി ബന്ധപ്പെട്ട് റിട്ടയേർഡ് ആയ ജീവനക്കാർ വിവിധ കോടതികൾ മുൻപാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 31.12.2018 വരെ റിട്ടയർ ആയ 67 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, മറ്റു ആനുകൂല്യങ്ങൾ ഇനത്തിൽ ഏകദേശം 3.50 കോടിയോളം തുക നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്ര ജീവനക്കാർക്ക് എത്ര തുകയാണ് ഇത്തരത്തിൽ വിതരണം ചെയ്യാനുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 31.12.2018 വരെ 67 ജീവനക്കാർക്ക് ഏകദേശം 3.50 കോടി രൂപയോളം നൽകുവാനുണ്ട് |
| (സി) | ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | റിട്ടയേർഡ് ആയജീവനക്കാർബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് WP(C)No.8942 of 2018 വിധിപ്രകാരം സീനിയോറിറ്റി അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുവാൻ നിർദ്ദേശിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഗഡുക്കളായി ടി തുക നൽകിവരുന്നു |
| (ഡി) | ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനായി സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കാലയളവിൽ എത്ര തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റിവിറ്റി വിതരണം ചെയ്യേണ്ടത് കോർപ്പറേഷന്റെ ഉത്തരവാദിത്വമാണ്. |
| (ഇ) | ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനായി സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | | |
| (എഫ്) | മേൽ വിഷയവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ നിലവിലുണ്ടെന്നും അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദീകരിക്കാമോ; | (എഫ്) | ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവിധ കോടതികളിൽ **18** കേസും, ഹൈക്കോടതിയിൽ ഒരു കണ്ടെംപ്റ്റ് കേസും നിലവിലുണ്ട്. ഈ കേസുകൾ എല്ലാം തന്നെ വിവിധ കോടതികളുടെ പരിഗണനയിലാണ്. |
| (ജി) | ഗ്രാറ്റുവിറ്റി തുക വിതരണം എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ? | (ജി) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ നിന്നും വിരമിച് ജീവനക്കാർക്ക് നൽകേണ്ടതായ ഗ്രാറ്റുവിറ്റി, മറ്റ് റിട്ടയർമെൻറ് ആനുകൂല്യങ്ങളടക്കം ഏകദേശം 3.50 കോടിയോളം തുക ആവശ്യമുണ്ട്. എന്നാൽ സ്ഥാപനത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ സ്ഥാപനത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും റിട്ടയേർഡ് ആയ ജീവനക്കാർക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുന്നില്ല. ആവശ്യമായ തുക ലഭിക്കുന്ന മുറയ്ക്ക് മേൽ ആനുകൂല്യങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ